**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 576 — 13.01.2021-ലെ മറുപടിയ്ക്ക്

## കായികക്ഷമത മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ ജനങ്ങൾക്ക് കായികക്ഷമതയും, നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച കായികക്ഷമത മിഷന്റെ പ്രവർത്തനം വ്യക്തമാക്കുമോ.; | (എ) & (ബി) | ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും, യുവതിയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനു വേണ്ടി ആരംഭിച്ച കേരള സാക്ഷരത മിഷൻന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമതാ മിഷൻ".<br>ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്.<br>➢ നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ<br>➢ 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ<br>➢ യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ<br>➢ യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ<br>പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, |
| (ബി) | വിവിധതലത്തിൽ ഉൾപ്പെടുന്ന ജനവിഭാഗങ്ങൾക്ക് വിവിധതരം പരിശീലനപരിപാടികൾ വിഭാവനം ചെയ്തിരുന്നോ.; | | |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകളും, കോളേജുകളും പൂട്ടി ജനങ്ങൾ വീട്ടിലിരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ കായികക്ഷമതയെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ.; | (സി) | കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്റ്റേഡിയങ്ങളും, സ്വിമ്മിംഗ് പൂളുകളും ഉൾപ്പെടെയുള്ള കായിക രംഗവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും അടഞ്ഞു കിടന്ന സാഹചര്യത്തിൽ കായികതാരങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും കായിക ക്ഷമതയെ ബാധിച്ചിട്ടുണ്ട്. |
| (ഡി) | കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്.; | (ഡി) & (ഇ) | കിഫ്ബിയുടെ ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും, 2017-18 ബഡ്ജറ്റിൽ 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 14 ജില്ലാ സ്റ്റേഡിയങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 14 വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>മേൽപ്പറഞ്ഞ 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി **അനുബന്ധമായി** ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഇ) | 2016-2017 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ. ഇല്ലെങ്കിൽ നിലവിലെ സ്ഥിതി എന്താണ്? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| | ജില്ലാ സ്റ്റേഡിയങ്ങൾ (14 എണ്ണം) | | |
| | കാസർഗോഡ് | | |
| 1 | എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| | കണ്ണൂർ | | |
| 2 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| | വയനാട് | | |
| 3 | സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | 68% സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് |
| | കോഴിക്കോട് | | |
| 4 | ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | ഡി.പി.ആർ തയ്യാറാക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | മലപ്പുറം | | |
| 5 | മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| | പാലക്കാട് | | |
| 6 | കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | 40 | നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല. |
| | തൃശ്ശൂർ | | |
| 7 | ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | 65% സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് |
| | എറണാകുളം | | |
| 8 | ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| | ഇടുക്കി | | |
| 9 | കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 40 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | ഉടൻ ആരംഭിക്കുന്നതാണ്. |
| കോട്ടയം | | | |
| 10 | സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| ആലപ്പുഴ | | | |
| 11 | ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | 48% സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് |
| പത്തനംതിട്ട | | | |
| 12 | ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 40 | ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| കൊല്ലം | | | |
| 13 | ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 40 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| തിരുവനന്തപുരം | | | |
| 14 | തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | 41% സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് |